(ബി.പി.ആർ.ഡി.) ഡയറക്ടർ ജനറലിന്റെ ഒരു കത്ത് ലഭിച്ചിരുന്നു. പോലീസ് ട്രെയിനിംഗ് കോളേജിന്റെ ഭാഗമായി സ്റ്റേറ്റ് ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് എന്നൊരു വിഭാഗം ആരംഭിക്കുന്നതിന് വേണ്ട പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് എ.ഡി.ജി.പി. ട്രെയിനിംഗിനെ ചുമതല പ്പെടുത്തിയിട്ടുണ്ട്.

(ബി) എം.ഒ.പി.എഫ്. സ്കീമിൽ റിസർച്ച് ആന്റ് ഡെവലപ്മെന്റ് ബ്യൂറോ (ബി.പി.ആർ.ഡി.) രൂപീകരിക്കുന്നതിന് കേന്ദ്ര സർക്കാർ കേരളത്തിന് ഫണ്ട് വകയിരുത്തിയതായി ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല.

(സി&ഡി) ഉത്തരം (ബി) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

സംസ്ഥാനത്തെ ഹോം ഗാർഡുകൾ

6 (1470) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം ഹോം ഗാർഡുകളായി സംസ്ഥാനത്ത് എത്ര പേരെയാണ് നിയമിച്ചിട്ടുള്ളത് ;

(ബി) ഏതെല്ലാം മേഖലയിലാണ് ഇവരെ വിന്യസിച്ചിട്ടുള്ളത് ;

(സി) ഇതിലൂടെ ക്രമസമാധാന പാലനരംഗത്ത് ഉണ്ടായ നേട്ടം എന്താണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) കണ്ണൂർ ജില്ലയിൽ ഹോം ഗാർഡുകളായി എത്രപേർക്ക് നിയമനം നൽകി എന്നറിയിക്കുമോ ?

ഉത്തരം

(എ) 2912 പേരെ.

(ബി) പോലീസ് വകുപ്പിലും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിലും കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിലും ഹോം ഗാർഡുകളെ വിന്യസിച്ചിട്ടുണ്ട്.

(സി) ഹോം ഗാർഡുകളെ ട്രാഫിക് ഡ്യൂട്ടിയ്ക്ക് നിയമിക്കുന്നതുകൊണ്ട് കൂടുതൽ സേനാംഗങ്ങളെ ക്രമസമാധാനപാലനരംഗത്ത് ഡ്യൂട്ടിക്കായി നിയോഗിക്കാൻ കഴിയുന്നുണ്ട്. ക്രമാതീതമായി വർദ്ധിച്ച വാഹന തിരക്കുകൾ നിയന്ത്രിക്കുന്നതിന് പോലീസുദ്യോഗസ്ഥർക്ക് ഹോം ഗാർഡുകളുടെ സേവനം കൂടി ലഭിക്കുന്നതുമൂലം പോലീസ് ഉദ്യോഗസ്ഥർക്ക് കുറ്റാന്വേഷണ മേഖലയിലും ക്രമസമാധാന മേഖലയിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുന്നുണ്ട്.

(ഡി) 200.

LIBRARY ARCHIVES Kerala Legislative Assembly